കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ
# ഓഡിറ്റ് റിപ്പോർട്ട് 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

e-mail: lfadtvm@yahoo.in, dotvm.ksad@kerala.gov.in

"ഭരണഭാഷ മാതൃഭാഷ"

നം.കെ.എസ്.എ.റ്റി.വി.എം. മിസ്.1/1816/2019

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
ഫോൺ 0471-2331231
e-mail- lfadtvm@yahoo.in
തീയതി : 18.10.2019

ജോയിന്റ് ഡയറക്ടർ

ചെയർമാൻ,
കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ,
തോന്നക്കൽ, തിരുവനന്തപുരം

സർ,

വിഷയം:-കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നക്കൽ 2018-19വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നക്കൽ-ന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

**ഒപ്പ്**
ജോയിന്റ് ഡയറക്ടർ

പകർപ്പ്
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/1816/2019 തീയതി 18.10.2019

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ 2018-19വർഷത്തെ വരവ്/ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

| | | |
|---|---|---|
| ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, തസ്തികയും | : | ശ്രീ.മുഹമ്മദ് നിസാർ.എ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. വിനുകുമാർ.പി.കെ, ഓഡിറ്റർ |
| ഓഡിറ്റ് നടത്തിയ തീയതി | : | 19.09.2019 മുതൽ 20.09.2019 വരെ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| 1. ചെയർമാൻ | : | പ്രൊഫ. വി. മധുസൂദനൻ നായർ ,<br>(01.04.2018 മുതൽ 31.03.2019 വരെ) |
| 2. സെക്രട്ടറി | : | പ്രൊഫ. അയിലം ഉണ്ണികൃഷ്ണൻ ,<br>(01.04.2018 മുതൽ 31.03.2019 വരെ) |
| 3. ഡയറക്ടർ | : | ശ്രീ. സദാശിവൻ നായർ,<br>(സാംസ്കാരിക വകുപ്പ് ഡയറക്ടർ)<br>(1.4.2018 മുതൽ 31.3.2019 വരെ ) |
| 4. ട്രഷറർ,<br>(ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്) | : | 1) ശ്രീ. ജി. ശിശുപാലൻ, ബി.ഡി.ഒ.<br>(01.04.2018 മുതൽ 06.04.2018 വരെ)<br>2) ശ്രീ. ജെ. ജോസഫ്<br>(ജോയിന്റ് ബി.ഡി.ഓ) ചാർജ്<br>(07.04.2018 മുതൽ 01.05.2018 വരെ)<br>3) ശ്രീമതി സജിന സത്താർ,<br>ബി.ഡി.ഒ.<br>(02.05.2018 മുതൽ 31.3.2019 വരെ ) |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ആമുഖം

മനുഷ്യകഥാനുഗായിയായ മഹാകവി കുമാരനാശാന്റെ സ്മരണ നിലനിർത്താൻ, കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ് 1958ൽ ആശാൻ സ്മാരകത്തിന് ശിലാസ്ഥാപനം നടത്തിയത്. ആശാൻ സ്മാരകം പ്രവർത്തനമാരംഭിച്ചിട്ട് അരനൂറ്റാണ്ട് പിന്നിടുകയാണ്. 1999ലാണ് ആശാൻ സ്മാരകത്തെ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ (KANIC) ആയി ഉയർത്തി, സമഗ്രവികസന പദ്ധതികൾ ആവിഷ്കരിച്ചത്. സാംസ്കാരിക വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണം നിയന്ത്രിക്കുന്നത് സർക്കാർ നിയമിക്കുന്ന സാഹിത്യ, സാംസ്കാരിക, സാമൂഹിക മേഖലയിലുള്ളവരാണ്. മഹാകവിയുടെ

ദർശനങ്ങളും സാഹിത്യ രചനകളും ലോകമെമ്പാടും പ്രചരിപ്പിക്കുക, അന്തർദേശീയ ഗവേഷണകേന്ദ്രമാക്കുക, വൈവിധ്യമാർന്ന ഇന്ത്യൻ സാംസ്കാരിക ധാരകളെക്കുറിച്ച് പഠന പരിപാടികളും ഗവേഷണങ്ങളും സംഘടിപ്പിക്കുക, മികച്ച സാംസ്കാരിക ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്തുക, മഹാകവിയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ. മഹാകവിയുടെ കൃതികളെയും ജീവിതത്തെയും കുറിച്ചുള്ള പഠന ഗ്രന്ഥത്തിന് "വീണപൂവ് ശതാബ്ദി പുരസ്കാര"വും മലയാളത്തിലെ ഏറ്റവും നല്ല കാവ്യ ഗ്രന്ഥത്തിനും വിവർത്തനത്തിനും ദേശീയ – അന്തർദേശീയ നിലവാരം പുലർത്തുന്ന ആശാൻ പുരസ്കാരവും നൽകി വരുന്നു.

## 1-2 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 2018 ഏപ്രിൽ 17ന് ഭരണ സമിതി അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 20,17,37,000/- രൂപയും ചെലവ് 19,85,55,000/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 1,98,49,431/-രൂപയും ചെലവ് 1,18,54,817/-രൂപയും നീക്കിയിരിപ്പ് 79,94,614/- രൂപയുമാണ്.

മാനേജിംഗ് കമ്മിറ്റിയുടെ 20.03.2018ലെ യോഗത്തിൽ ബജറ്റിനായി അജണ്ട വച്ചിരുന്നുവെങ്കിലും 17.04.2018ലെ യോഗത്തിലെ 2-ാം നമ്പർ തീരുമാനപ്രകാരമാണ് ബജറ്റ് പാസ്സാക്കിയത്. ബജറ്റ് പാസ്സാക്കാതെയാണ് 01/04/2018 മുതൽ 16/04/2018 വരെയുള്ള ചെലവ് നടത്തിയിട്ടുണ്ട്. ട്രഷററായ പോത്തൻകോട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ അഭാവത്തിൽ 20.03.2018 ൽ ബജറ്റ് പാസ്സാക്കാൻ സാധിച്ചില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 10/20.09.2019ന്റെ മറുപടി). ബജറ്റ് അംഗീകാരമില്ലാതെ നടത്തിയ ചെലവുകൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

ബജറ്റ് പ്രകാരം ഓരോ ഇനത്തിലും നീക്കി വെച്ചിരിക്കുന്ന തുകയിൽ നിന്നും അധികമായി തുക ചെലവഴിച്ചു

| ഇനം | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|
| കാവ്യ ശില്പ നിർമാണം | 100000 | 1865234 |
| ചെടി നഴ്സറി | 300000 | 460187 |
| ആശാൻ ജന്മ വാർഷികം | ഇല്ല | 359644 |
| അവധിക്കാല പഠനോത്സവം | ഇല്ല | 109195 |
| ബുക്ക് കൗണ്ടർ നിർമ്മാണം | ഇല്ല | 507040 |

കൂടാതെ ബജറ്റ് പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ പ്രതീക്ഷിത വരവ് ഉൾപ്പെടുത്തിയിരുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള വരവ് |
|---|---|
| എം.പി ഫണ്ട് | 5000000 |
| | |

| | |
|---|---|
| എം.എൽ.എ ഫണ്ട് | 2500000 |
| ജില്ലാ പഞ്ചായത്ത് | 1500000 |
| ഗ്രാമപഞ്ചായത്ത് | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 1000000 |

എന്നാൽ മുകളിൽ പറയുന്ന ഇനങ്ങളിൽ തൻവർഷം വരവില്ല. ഇപ്രകാരം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർഥ വരവും തമ്മിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തിക വർഷാരംഭത്തിനു മുൻപു തന്നെ ബജറ്റിന് അംഗീകാരം നേടാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-3 ബൈലാ ഭേദഗതി - തുടർ പ്രവർത്തനങ്ങൾ നടന്നില്ല

GO.MS No. 204/66/Edn തീയതി 30.04.1966-ാംനമ്പർ ഉത്തരവ് പ്രകാരമാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ എ2/32/2016/സി.എൽ.എ.ഡി തീയതി 27.03.2017-ാം നമ്പർ കത്ത് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുക്കിയ കരട് ബൈലാ ഭരണസമിതിയുടെ പരിശോധനയ്ക്കും അഭിപ്രായത്തിനുമായി ലഭ്യമാക്കിയിരുന്നു. എന്നാൽ തുടർ പ്രവർത്തനങ്ങൾ നടന്നില്ല. കരട് ബൈലായുടെ പകർപ്പുകൾ ഭരണസമിതി അംഗങ്ങൾക്ക് അയച്ചുനൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമായാൽ കാലതാമസം കൂടാതെ സർക്കാരിന് സമർപ്പിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 09/20.09.2019ന്റെ മറുപടി). അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 ക്യാഷ് ബുക്ക് - അപാകതകൾ

ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ പല അപാകതകളും കാണുന്നു. ഓരോ ദിവസവും ഇഷ്യൂ ചെയ്യുന്ന ചെക്ക് അന്നേ ദിവസത്തെ ചെലവായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. നൽകിയ ചെക്ക് ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കുമ്പോൾ മാത്രമാണ് ക്യാഷ് ബുക്കിൽ ചെലവായി ഉൾപ്പെടുത്തുന്നത്. ഈ നടപടി അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. മേല്പറഞ്ഞ അപാകത 2017-18ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിരുന്നെങ്കിലും ആയതു പരിഹരിച്ചിട്ടില്ല. ഓരോ ദിവസത്തേയും ചെലവു വിവരങ്ങൾ അതാത് ദിവസം തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവയുടെ മാസാന്ത്യ നീക്കിയിരിപ്പ് പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-5 പ്രധാന ചെലവുകൾ പല വകയിനത്തിലുള്ള ചെലവായി ഉൾപ്പെടുത്തി അക്കൗണ്ട് ചെയ്യുന്നു

വാർഷിക കണക്കിൻ പ്രകാരം പലവകയിനത്തിൽ 4,91,068/- രൂപ ചെലവ് വന്നിട്ടുണ്ട്. ഇതിൽ പ്രധാന ചെലവിനങ്ങളായ വെൽഡിംഗ്, ജെ.സി.ബി. വാടക (20800/-രൂപ), മരം മുറിപ്പ് (16500/-രൂപ), മലയാളം പള്ളിക്കൂടം (40000/-രൂപ), ദുരിതാശ്വാസ നിധി മുതലായ ചെലവുകൾ ഉൾപ്പെടുന്നു. ഇപ്രകാരമുള്ള പ്രധാന ചെലവിനങ്ങൾ പ്രത്യേക ഹെഡിൽ അക്കൗണ്ട് ചെയ്യുന്നതോടൊപ്പം അവയ്ക്കായി പ്രത്യേക ഫയലും സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം - വാർഷിക ഗ്രാന്റ്

| ക്രമ നമ്പർ | ഗ്രാന്റ് അനുവദിച്ച ഉത്തരവ് | തുക (രൂപ) | ക്രെഡിറ്റ് ചെയ്ത തീയതി |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് | | | |
| 1 | എ2/6158/18/ സാം.വ. തീയതി 25.06.2018 | 5,00,000 | 28.06.2018 |
| 2 | എ2/6158/18/ സാം.വ. തീയതി 15.11.2018 | 5,00,000 | 21.11.2018 |
| 3 | എ2/6158/18/ സാം.വ. തീയതി 29.01.2019 | 5,00,000 | 27.03.2019 |
| ആകെ | | 15,00,000 | |
| സ്പെഷ്യൽ ഗ്രാന്റ് | | | |
| 1 | സ.ഉ.(സാധാ) നം. 52/2019/സാം.കാ.വ തീയതി 01.02.2019 | 30,00,000 | 27.03.2019 |
| ആശാൻ ദേശീയ സാംസ്കാരികോത്സവം ഗ്രാന്റ് | | | |
| 1 | സ.ഉ(സാധാ) നം.138/2018/ടൂറിസം തീയതി 19.03.2018 | 2,00,000 | 14.05.2018 |
| 2 | സി2/10/2018/ ഐ&പി.ആർ തീയതി 27.04.2018 | 1,00,000 | 15.05.2018 |
| | ആകെ | 3,00,000 | |
| ലൈബ്രറി കൗൺസിൽ ഗ്രാന്റ് | | | |
| 1 | ചെക്ക് നമ്പർ 264500/22.03.2018 | 15,000 | 04.04.2018 |
| 2 | ചെക്ക് നമ്പർ 990269/22.03.2018 | 50,000 | 04.04.2018 |
| 3 | ചെക്ക് നമ്പർ 990479/08.05.2018 | 31,400 | 01.06.2018 |
| 4 | ചെക്ക് നമ്പർ 49120/08.05.2018 | 7,000 | 01.06.20189 |
| 5 | ചെക്ക് നമ്പർ 491334/19.06.2018 | 15,000 | 28.06.2018 |
| 6 | ചെക്ക് നമ്പർ 191490/16.08.2018 | 1,750 | 17.09.2018 |
| 7 | ചെക്ക് നമ്പർ 267175/12.02.2019 | 15,600 | 19.02.2019 |
| | ആകെ | 1,35,750 | |

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്മാരക മന്ദിരം അറ്റകുറ്റ പണി - പ്രവൃത്തി ഫയൽ ലഭ്യമാക്കിയില്ല

കുമാരനാശാൻ സ്മാരക മന്ദിരത്തിന്റെ അടിയന്തിര അറ്റകുറ്റ പണികൾക്കായി 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ 25,00,000/- രൂപ വകയിരുത്തുകയും പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുകയുണ്ടായി. നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

| നടപടിക്രമം | ഉത്തരവ് നമ്പർ |
|---|---|
| ഭരണാനുമതി | സ.ഉ.(സാധാ) നം.77/2017/സാംകാവ തീയതി 17.02.2017 |
| ധനകാര്യ വകുപ്പിന്റെ അനുമതി | സ.ഉ.(സാധാ) നം.1917/2017/ഫിൻ തീയതി 10.03.2017 |
| തുക അനുവദിച്ചുള്ള ഉത്തരവ് | സ.ഉ.(സാധാ) നം.169/2017/സാംകാവ തീയതി 18.03.2017 |

കേടുപാടുകൾ സംഭവിച്ച മേൽക്കൂര പൊളിച്ച് മാറ്റി സ്ഥാപിക്കുക, സീലിംഗ് ഭാഗങ്ങൾ മാറ്റി പുതിയ തേക്ക് പാനലുകൾ സ്ഥാപിക്കുക, തറയിൽ കല്ല് പാകിയ ഇടങ്ങളുടെ സംരക്ഷണം മുതലായവയാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നത്. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയറുടെ 10.05.2018ലെ Completion Certificateന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ & ട്രഷററുടെ ബിപി1/1562/ 17/PTCD തീയതി 11.06.2018 നം. കത്ത് പ്രകാരം 21,24,754/- രൂപ അനുവദിച്ചു. ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക | ചെക്ക് നമ്പർ |
|---|---|---|
| കരാറുകാരന് നൽകിയ തുക | 2082258 | 26395698/12.06.2018 |
| KCWWF | 21248 | 2639699/12.06.2018 |
| IT | 21248 | 2639700/13.06.2018 |
| ആകെ | 2124754 | |

പ്രവൃത്തിയുടെ ഫയൽ, എം ബുക്ക്, ടെന്റർ വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ ചെലവിന്റെ സാധുത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കെട്ടിട ഭാഗങ്ങൾ പൊളിച്ചെടുത്ത് സ്റ്റാക്ക് ചെയ്ത സാധനങ്ങളുടെ വിശദാംശവും പുനരുപയോഗവും സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല. പ്രവൃത്തിഫയൽ, എം-ബുക്ക്, ടെന്റർ വിശദാംശങ്ങൾ, മറ്റ് രേഖകൾ എന്നിവ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത ഓഫീസിൽ നിന്ന് വാങ്ങി പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി 05/19.09.2019ന്റെ മറുപടി). ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ചെലവായതിനാൽ ഫയലുകളും രേഖകളും സൂക്ഷിക്കേണ്ടത് ഇൻസ്റ്റിറ്റ്യൂട്ടിൽ തന്നെയാണ്. ഫയലും അനുബന്ധ രേഖകളും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ വാങ്ങി ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 3-2 വെബ്സൈറ്റ് നവീകരണം - നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല

KANIC വെബ്സൈറ്റിന്റെ കണ്ടെന്റ് മാനേജ്മെന്റ് ഫ്രെയിംവർക് (CMF) കാലഹരണപ്പെട്ടു പോയതിനാലും സെക്യൂരിറ്റി ഓഡിറ്റ് നടത്തേണ്ടതിനാലും വെബ്സൈറ്റ് നവീകരിക്കാൻ തീരുമാനിക്കുകയും ആയതിനു CDITനെ ഏൽപ്പിക്കുകയും ചെയ്തു. നൂതനമായ CMF ഉൾപ്പെടുത്തുക, മലയാളത്തിലും ഇംഗ്ലീഷിലും വെബ്സൈറ്റ് തയ്യാറാക്കുക, സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക എന്നിവയായിരുന്നു പ്രധാനമായും വെബ്സൈറ്റ് നവീകരണത്തിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിനായി, CDIT 141600/- (വെബ്സൈറ്റ് നവീകരണം - 115000, പരിശീലനം - 5000, നികുതി - 21600) രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും 50% തുക മുൻകൂർ ആവശ്യപ്പെടുകയും ഇതിനെതുടർന്ന് 50% തുകയായ 70800/-രൂപ ചെക്ക് നമ്പർ:014404/03.08.2018 പ്രകാരം നൽകുകയും ചെയ്തു .

എന്നാൽ നാളിതുവരെയായി വെബ്സൈറ്റ് നിർമ്മാണം പൂർത്തിയായിട്ടില്ല. 03.08.2018-ൽ തുക കൈമാറിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കരാർ ചമച്ച് 45ദിവസത്തിനകം ഡെമോ വെബ്സൈറ്റ് നിർമ്മിച്ച്

നൽകുന്നതാണെന്ന് CDITഅറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി C-DIT-മായി കരാർ ചമച്ചിട്ടില്ല. അടിയന്തിരമായി വെബ്സൈറ്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 3-3 വാഹന പരിപാലനം - അപാകങ്ങൾ

സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കായി ഒരു വാഹനം ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

- 6 മാസത്തിലൊരിക്കൽ നിർബന്ധമായും നടത്തേണ്ട ഇന്ധനക്ഷമത പരിശോധന നടത്തുന്നില്ല.
- ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.
- ലോഗ് ബുക്ക് ഓരോ മാസാവസാനത്തിലും ക്ലോസ് ചെയ്യുന്നില്ല
- വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട കൺട്രോളിങ് ഓഫീസറോ ലോഗ് ബുക്കിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല

മേല്പറഞ്ഞ അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്

### 3-4 പുഷ്പവാടി, പുസ്തക കൗണ്ടർഎന്നിവയ്ക്കായുള്ള ചെലവ് - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

എ) പുഷ്പവാടി

i) ഇൻസ്റ്റിറ്റ്യൂട്ടിലെ ചെടി നഴ്സറിയായ പുഷ്പവാടിയിലേക്ക് ചെടികളും മറ്റ് അനുബന്ധ സാധനങ്ങളും തീരുന്ന മുറയ്ക്ക് ഗുണനിലവാരമുള്ളതും വിലകുറവിൽ ലഭ്യമാകുന്നതുമായ നഴ്സറിയിൽ നിന്നും ചെടികൾ വാങ്ങി മിതമായ ലാഭം എടുത്തുകൊണ്ട് കുറഞ്ഞവിലയ്ക്ക് ആവശ്യക്കാർക്ക് വില്പന നടത്തിവരികയാണ് ചെയ്യുന്നത്. ചെടി നഴ്സറിയുടെ ചുമതലയുള്ള മാനേജിംഗ് കമ്മിറ്റിയംഗത്തിന്റെ നേതൃത്വത്തിലാണ് ചെടികളും മറ്റും വാങ്ങുന്നത് (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ - 06/20.09.2019ന്റെ മറുപടി). ഭരണസമിതിയുടെ 09.08.2018ലെ അഞ്ചാം നമ്പർ തീരുമാനപ്രകാരം ചെടികളും മറ്റും വാങ്ങാൻ 1,00,000/-രൂപ വിനിയോഗിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ നഴ്സറികളെ അംഗീകരിച്ചുകൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കിയില്ല. ചെടികളുടെ വാങ്ങൽ നിരക്ക് , ഗുണനിലവാരം ഉറപ്പാക്കിയതിന്റെ വിവരങ്ങൾ സംബന്ധിച്ച വിശദാംശം എന്നിവയും ലഭ്യമാക്കിയില്ല. തൻവർഷം ചെടികളുംമറ്റും വാങ്ങാൻ ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | ഏജൻസിയുടെ പേര് |
|---|---|---|
| 334/14.05.2018 | 56000 | ആത്മനിലയം നഴ്സറി, ചെറുവാരക്കോണം |
| 1338/13.10.2018 | 50000 | രാജാ നഴ്സറി, കന്യാകുമാരി |
| 1347/15.10.2018 | 16330 | രാജാ നഴ്സറി, കന്യാകുമാരി |

ii) നഴ്സറിയിൽ ഡിസ്പ്ലേ സ്റ്റാന്റ് സ്ഥാപിക്കുന്നതിനും അഡിഷണൽ ക്യാബിൻ, ഷെയിഡ് നെറ്റ് എന്നിവയ്ക്കുമായി വെൽഡിംഗ് പ്രവൃത്തികൾക്ക് 37,562/-രൂപ ചുവടെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | വിവരണം |
|---|---|---|
| 565/20.06.2018 | 13000 | വെൽഡിംഗ് മെറ്റീരിയൽ - ഡിസ്പ്ലേ സ്റ്റാന്റ് |
| 676/27.06.2018 | 12662 | വെൽഡിംഗ് മെറ്റീരിയൽ - ക്യാബിൻ |
| 566/20.06.2018 | 1700 | വെൽഡിംഗ് ലേബർ ചാർജ് -ഡിസ്പ്ലേ സ്റ്റാന്റ് - ബിപിൻ ചന്ദ്രപാലിന് നൽകിയത് |
| 585/22.06.2018 | 1700 | ടി |
| 597/23.06.2018 | 1700 | ടി |
| 601/25.06.2018 | 1700 | ടി |
| 621/28.06.2018 | 1700 | ടി |
| 614/27.06.2018 | 1700 | വെൽഡിംഗ് ലേബർ ചാർജ് -വളവും മറ്റും സ്റ്റോർ ചെയ്യുന്നതിന് അഡിഷണൽ ക്യാബിൻ - ബിപിൻ ചന്ദ്രപാലിന് നൽകിയത് |
| 1125/08.09.2018 | 1700 | വെൽഡിംഗ് ലേബർ ചാർജ് -കേടായ ഷെയിഡ് നെറ്റ് മാറ്റി സ്ഥാപിക്കൽ - ബിപിൻ ചന്ദ്രപാലിന് നൽകിയത് |
| ആകെ | 37562 | |

ഡിസ്പ്ലേ സ്റ്റാന്റുകൾ, ക്യാബിൻ, ഷെയിഡ് നെറ്റ് എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപണി സംബന്ധിച്ച് മുൻകൂട്ടി അവലോകനം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. വെൽഡിംഗ് പ്രവൃത്തിക്കായി ശ്രീ.ബിപിൻ ചന്ദ്രപാലിനെ ദിവസ വേതനാടിസ്ഥാനത്തിൽ ഏല്പിക്കുകയും പിന്നീട് കമ്മിറ്റിയെ ബോധ്യപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ - 06/20.09.2019ന്റെ മറുപടി).

ബി) പുസ്തക കൗണ്ടർ

വാർഷിക കണക്ക് പ്രകാരം, പുതുതായി ആരംഭിച്ച ബുക്ക് കൗണ്ടർ നിർമ്മാണത്തിന് 5,07,040/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട ഫയൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ പ്രവൃത്തിയുടെ നിർവ്വഹണത്തിലെ നടപടിക്രമങ്ങൾ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.

വൗച്ചർ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വ്യത്യസ്ത വൗച്ചറുകൾ പ്രകാരം പ്രധാന ചെലവിനങ്ങൾ അലൂമിനിയം മെറ്റിരിയൽ (15000രൂപ), Aluminium work Advance (10000രൂപ), ലേബർ ചാർജ്, വെൽഡിംഗ് ചാർജ്, പെയിന്റ് വില, പെയിന്റിംഗ് കൂലി മുതലായവയാണ്.

കൂടാതെ, ചുവടെപ്പറയും പ്രകാരം പുസ്തകങ്ങൾ വാങ്ങിയിട്ടുമുണ്ട്.

| വൗച്ചർ നമ്പർ | സ്ഥാപനം | തുക |
|---|---|---|
| 1287/06.10.2018 | ദേശാഭിമാനി | 19356 |
| 1301/09.10.2018 | പൂർണാ പബ്ലിക്കേഷൻസ് | 24238 |
| 1302/09.10.2018 | കറന്റ് ബുക്സ് | 32292 |
| 1303/09.10.2018 | ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 50000 |
| 1327/11.10.2018 | ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 11952 |
| 1345/15.10.2018 | NBS | 13413 |

കൗണ്ടർ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെന്ററിംഗ് എന്നീ നടപടിക്രമങ്ങളില്ല. മാനേജിംഗ് കമ്മിറ്റിയുടെ 27.07.2018ലെ 6,7 തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതെന്നും മേലിൽ ഇത്തരം പ്രവൃത്തികൾ സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായി നടത്തുമെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ - 07/20.09.2019ന്റെ മറുപടി).

ഒരു സാമ്പത്തിക വർഷത്തേക്കാവശ്യമായ പ്രവൃത്തികൾ മുൻകൂട്ടി അവലോകനം ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കി സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് സാധനങ്ങൾ വാങ്ങലിലും പ്രവൃത്തി നിർവ്വഹണത്തിലും സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 3-5 സോഫ്റ്റ് വെയർ പ്രവർത്തനം കാര്യക്ഷമമല്ല

വൗച്ചർ നമ്പർ 1635/18-19 തീയതി 29-11-2018

ചെലവ് തുക 11800/-രൂപ

ചെക്ക് നമ്പർ - 014507

KIPS Computer consultancy Attingal എന്ന സ്ഥാപനത്തിന് പുസ്തക കൗണ്ടറിന്റെ വില്പനയ്ക്കാവശ്യമായ സോഫ്റ്റ് വെയർ നിർമ്മാണത്തിന് കരാർ നൽകുകയും 19-10-2018 മുതൽ വില്പനയ്ക്കായി പ്രസ്തുത സോഫ്റ്റ് വെയർ ഉപയോഗിക്കുകയും ചെയ്തു.

രണ്ട് സ്റ്റാളുകൾ വഴിയാണ് പുസ്തക വില്പന നടത്തുന്നത്. എന്നാൽ ഇതു വഴിയുള്ള പുസ്തക വില്പനയുടെ ഡ്യൂപ്ലിക്കേറ്റ് രസീത് ലഭ്യമല്ല. ആയതിനാൽ രസീത് പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. പുസ്തകങ്ങളുടെ സ്റ്റോക്ക് കൃത്യമായി സോഫ്റ്റ് വെയർ വഴിയുള്ള സ്റ്റോക്ക് റിപ്പോർട്ടിൽ ലഭിക്കുന്നില്ല. കുമാരനാശാന്റെ സമ്പൂർണകൃതികൾ സ്റ്റോക്കിൽ (-)5 ആയി കാണിക്കുന്നു. എന്നാൽ Manual Register ൽ 450 പുസ്തകം ഉള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു. പുസ്തക വില്പന ശാലയ്ക്ക് അനുയോജ്യമായ വിധത്തിലല്ല സോഫ്റ്റ് വെയർ രൂപകല്പന ചെയ്തിട്ടുള്ളത്. ആവശ്യങ്ങൾ മനസ്സിലാക്കി ചർച്ച ചെയ്ത് കാര്യക്ഷമമായ സോഫ്ററ് വെയർ തയ്യാറാക്കാൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടില്ല. വില്പനയും സ്റ്റോക്കും കണക്കും പരിശോധിക്കാവുന്ന തരത്തിൽ സോഫ്റ്റ് വെയർ മാറ്റം വരുത്താൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

19-10-2018 മുതൽ 22-10-2018 വരെ സ്റ്റാൾ 1, സ്റ്റാൾ 2 എന്നിവ മുഖേന 6215/-രൂപയുടെ പുസ്തകങ്ങൾ വിറ്റഴിച്ചിട്ടുള്ളതായി സെയിൽസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വരവ് Day Bookൽ രേഖപ്പെടുത്തിയിട്ടില്ല. തുക ബാങ്കിൽ അടവ് വരുത്തിയതായും കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.03/19-09-2019)ലഭ്യമാക്കിയ മറുപടിയിൽ മറ്റേതെങ്കിലും ദിവസം പണം ഡേ ബുക്കിൽ വരവ് വച്ചിട്ടുണ്ടോ എന്ന് പിന്നീട് പരിശോധിച്ച് മറുപടി നൽകാമെന്നാണ് വിശദീകരിച്ചിട്ടുള്ളത്.

ദിവസ വരവ് അടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-6 അനന്തവും അജ്ഞാതവുമായി നീളുന്ന പ്രതിമാ നിർമ്മാണവും കാവ്യ ശില്പ നിർമ്മാണവും

കുമാരനാശാന്റെ പൂർണകായ വെങ്കല പ്രതിമാ നിർമ്മാണം, കാവ്യ ശില്പ നിർമ്മാണം എന്നിവ പൂർത്തീകരിക്കാത്തതിനെക്കുറിച്ച് 2016-17, 2017-18 ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പ്രതിപാദിച്ചിരുന്നു. 2018-19 വർഷത്തെ ഓഡിറ്റ് വേളയിലും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണുന്നില്ല. 2018-19 സാമ്പത്തിക വർഷം കാവ്യ ശില്പ നിർമ്മാണത്തിനായി 18,65,234/-രൂപ ചെലവഴിച്ചു. 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇത്തരം നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി സാംസ്കാരിക വകുപ്പ് 04-02-2015 ൽ 5535/ എ2/2011ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് നിലവിലും പാലിക്കുന്നില്ല.

കുമാരനാശാന്റെ പൂർണകായ വെങ്കല പ്രതിമാ നിർമ്മാണത്തിന് 2018-19 സാമ്പത്തിക വർഷം 6,00,000/-രൂപ വൗച്ചർ നം.710/18-19 തീയതി 06-07-2018 ( ചെക്ക് നം. 014334/ 20-06-2018 ) പ്രകാരം ശില്പി ശ്രീ. കാനായി കുഞ്ഞിരാമന് നൽകിയിട്ടുണ്ട്.

2018 സെപ്തംബർ 30 ന് ചേർന്ന ഭരണസമിതി യോഗത്തിന്റെ 12-ാം നമ്പർ തീരുമാനപ്രകാരം കാവ്യശില്പം, പ്രതിമാ നിർമ്മാണം എന്നിവ പൂർത്തീകരിക്കാൻ ശില്പിയോട് ആവശ്യപ്പെടുവാനും 2019 ജനുവരിയ്ക്ക് മുൻപ് ഉദ്ഘാടനം നടത്തുവാനും തീരുമാനിച്ചു. എന്നാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടില്ല. നിർമാണ പ്രവർത്തനം അനന്തമായി നീളുന്നത് സ്ഥാപനത്തിന് സാമ്പത്തിക ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. നീണ്ടുപോകുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഭരണസമിതി പ്രത്യേക ജാഗ്രത പുലർത്തേണ്ടതാണ്.

### 3-7 വിവേകോദയം പ്രസിദ്ധീകരണം അനന്തമായി നീളുന്നു

വിവേകോദയം ത്രൈമാസികം പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് വേളയിലും മാസികാ പ്രസിദ്ധീകരണം ആരംഭിച്ചിട്ടില്ല. 2018 ആഗസ്റ്റ് 9ന് ചേർന്ന ഭരണ സമിതി, മാസികയുടെ രജിസ്ട്രേഷൻ പുതുക്കാൻ തീരുമാനിച്ചു. അതിന് സാധിച്ചില്ലെങ്കിൽ അക്ഷര വിവേകോദയം എന്ന പേരിൽ മാസിക ആരംഭിക്കാനും തീരുമാനിച്ചു. ശ്രീ.പദ്മനാഭനെ എഡിറ്ററായി തിരുമാനിക്കുകയും എഡിറ്റോറിയൽ ബോർഡ് രൂപികരിക്കുകയും ചെയ്തു. എന്നാൽ തുടർപ്രവർത്തനങ്ങൾ നടത്തുന്നതിൽ യാതൊരു പുരോഗതിയും കൈവരിച്ചിട്ടില്ല.

### 3-8 സർക്കാർ അനുമതി ഇല്ലാതെ സ്പോൺസർഷിപ്പ് നടത്തി

വൗച്ചർ നമ്പർ – 891/02.08.2018

ചെലവ് – 40,000/-

മലയാളം പള്ളിക്കൂടം എന്ന സ്ഥാപനം ശ്രീ. എം. ടി. വാസുദേവൻ നായരെ സന്ദർശിച്ച പരിപാടിക്ക് സ്പോൺസർഷിപ്പ് ഇനത്തിൽ 40000/-രൂപ സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. ഭരണസമിതിയുടെ ബൈലോയിൽ [VI(IV)] 250/-രൂപയിൽ കൂടുതൽ ചെലവഴിക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. എന്നാൽ അത്തരം നടപടി ക്രമങ്ങൾ പാലിക്കാതെയാണ് പണം നല്കിയിട്ടുള്ളത്. നിലവിലുള്ള ബൈലോയും മാർഗ്ഗരേഖയും പാലിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 തനത് ഫണ്ട്

| | | |
|---|---|---|
| മുന്നിരിപ്പ് | : | 13021075.00 |
| വരവ് | : | 6828356.00 |
| ആകെ | : | 19849431.00 |
| ചെലവ് | : | 11854817.00 |
| നീക്കിയിരിപ്പ് | : | 7994614.00 |

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| 1) ട്രഷറി പി.ഡി. അക്കൗണ്ട് നം. 799011700000069 | : | 36,99,617.00 |
| 2) ജില്ലാ ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നം. 799011400000300 | : | 34,83,799.00 |
| 3) സ്ഥിര നിക്ഷേപം (നം. 334/1718) തോന്നയ്ക്കൽ അഗ്രികൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം | : | 1,56,806.00 |
| 4) ജില്ലാ സഹകരണ ബാങ്ക് മംഗലപുരം ശാഖ, എസ്.ബി. അക്കൗണ്ട്. നം. 020641200400001 | : | 4,86,778.00 |

| | | |
|---|---|---|
| 5) ജില്ലാ സഹകരണ ബാങ്ക് മംഗലപുരം ശാഖ, എസ്. ബി. അക്കൗണ്ട് ന്. 020641200430945 | : | 1,48,096.00 |
| 6) രൊക്കം പണം | : | 19,607.00 |
| ആകെ | : | 79,94,703.00 |
| (+) ബാങ്കിലെ ഒടുക്കിൽ കുറവ് വന്ന തുക | : | 1.00 |
| | : | 79,94,704.00 |
| (-) രൊക്കം പണത്തിൽ അധികം (29.11.2018) | : | 90.00 |
| ആകെ | | 79,94,614.00/- |

2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചാർജ്ജ് തുകയായ 11868/-രൂപ KL004630772201819m തീയതി : 21.12.2018 പ്രകാരം ജില്ലാ ട്രഷറിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

## 4-2 ഓഡിറ്റ് ചാർജ്

| | | | |
|---|---|---|---|
| 2018-19ലെ ആകെ വരവ് | : | | 6828356.00 |
| (കുറയ്ക്കുക)<br>1) ഗവൺമെന്റ് ഗ്രാന്റ് (മെയിന്റനൻസ്) | : | 1500000.00 | |
| 2) നോൺ പ്ലാൻ | : | 3000000.00 | |
| 3) ദേശീയോത്സവം ഗ്രാന്റ് | : | 300000.00 | |
| 4) ലൈബ്രറി കൗൺസിൽ ഗ്രാന്റ് | : | 135750.00 | |
| 5) സെക്രട്ടറി മുൻകൂർ | : | 38000.00 | |
| 6) ആദായ നികുതി | : | 2350.00 | |
| 7) ശമ്പള മുൻകൂർ | : | 76500.00 | |
| 8) ഓണം അഡ്വാൻസ് | : | 122500.00 | |
| 9) കഫറ്റേരിയ അഡ്വാൻസ് | : | 15000.00 | |
| ആകെ | : | 5190100.00 | |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്ന വരവ് | : | | 1638256.00 |
| ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ | : | | 16383.00 |

തൻവർഷത്തെ ഓഡിറ്റ് ചാർജ്ജ് തുകയായ 16,383/- രൂപ "0070-60-110-99-ഓഡിറ്റ് ചാർജ്ജ്" എന്ന ഹെഡിൽ ട്രഷറിയിൽ ഒടുക്കി അസൽ ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ച് കൊടുക്കുകയും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

## 4-3 റിവോൾവിംഗ് ഫണ്ട്

| | | |
|---|---|---|
| മുന്നിരിപ്പ് | : | 9,980.00 |
| വരവ് | : | ഇല്ല |
| ആകെ | : | 9,980.00 |
| ചെലവ് | : | ഇല്ല. |
| നീക്കിയിരിപ്പ് | : | 9,980.00 |
| നീക്കിയിരിപ്പ് ജില്ലാ ട്രഷറി | : | 9,980.00 |

സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച പ്രസ്തുത അക്കൗണ്ടിൽ കാലങ്ങളായി യാതൊരു വിധ ഇടപാടുകളും നടക്കുന്നില്ല. നിഷ്ക്രിയമായി കിടക്കുന്ന തുക ഉചിതമായി വിനിയോഗിക്കുന്നതിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്. വരവ് ചെലവ് പത്രികയിൽ ഇതിന്റെ വിശദാംശം നീക്കിയിരിപ്പിൽ നൽകിയിട്ടില്ല.

**ഒപ്പ്**

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-1</u>

## <u>. ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തിരുവനന്തപുരത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ആയതിലേയ്ക്ക് ആവശ്യമായ വിവരങ്ങളും വിശദീകരണങ്ങളും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണത്തിന് വിധേയമായും ഓഡിറ്റ് വേളയിൽ വിശദീകരിക്കപ്പെട്ട പ്രകാരവും, എന്റെ അഭിപ്രായത്തിൽ തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് അനുവദിക്കപ്പെട്ട ധനസഹായം വ്യവസ്ഥ പ്രകാരം തന്നെയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**ഒപ്പ്**

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

## 2018-19 വരവ് ചെലവ് പത്രിക

| വരവിനം | തുക (രൂ.) | ചെലവിനം | തുക (രൂ.) |
|---|---|---|---|
| മുന്നിരിപ്പ് | 13021075 | | |
| പുസ്തക വിൽപ്പന | 277214.00 | ആശാൻ ഭവന സംരക്ഷണം | 29200.00 |
| ഗേറ്റ് കൂപ്പൺ | 292060.00 | ആശാൻ ജന്മ വാർഷിക | 359644.00 |
| വീഡിയോ സ്റ്റിൽ ഫോട്ടോഗ്രാഫി | 100540.000 | ആശാൻ അനുസ്മരണം | 69380.00 |
| ചെടി വിൽപ്പന | 449945.00 | ശമ്പള അഡ്വാൻസ് | 91000.00 |
| ലൈബ്രറി വരവ് | 14792.00 | ശമ്പളം | 2379095.00 |
| ചിത്രരചനാ പഠനം | 21200.00 | യാത്രാബത്ത | 45680.00 |
| സംഗീത പഠനം | 11500.00 | തപാൽ | 12253.00 |
| ഹാൾ വാടക | 28500.00 | സ്റ്റേഷനറി അച്ചടി | 47647.00 |
| വസ്തുവിൽ നിന്നുള്ള ആദായം | 37380.00 | കറന്റ് ചാർജ്ജ് | 88096.00 |
| വിവേകോദയം വരി | 910.00 | ടെലിഫോൺ ചാർജ്ജ് | 21251.00 |
| ഓഡിറ്റ് റിക്കവറി | 765.00 | അതിഥി സത്ക്കാരം | 50011.00 |
| ഓണം അഡ്വാൻസ് | 122500.00 | | |
| കഫറ്റേരിയ അഡ്വാൻസ് | 15000.00 | അവധിക്കാല പഠനോത്സവം | 109195.00 |
| കഫറ്റേരിയ വാടക | 11930.00 | | |
| ബാങ്കിൽ നിന്നും പിൻവലിച്ച വരവ് | 56806.00 | | |
| പലിശ | 49787.00 | പുസ്തക വില (പ്രസാധകർക്ക്) | 9853.00 |
| ശമ്പള അഡ്വാൻസ് | 76500.00 | സംഗീത പഠനം | 35000.00 |
| വിദ്യാരംഭം | 200750.00 | ചിത്രകലാ പഠനം | 37000.00 |
| ഗുരുദക്ഷിണ | 41712.00 | വാഹന ചെലവ് | 225497.00 |
| കാണിക്ക | 2543.00 | ലൈബ്രറി | 278377.00 |
| അവധിക്കാല പഠനം | 25400.00 | ചെടി നഴ്സറി | 460157.00 |
| സംഭാവന | 14470.00 | വിവേകോദയം | 24352.00 |
| സെക്രട്ടറി അഡ്വാൻസ് | 38000.00 | കാവ്യശിൽപ നിർമ്മാണം | 1865234.00 |
| ബാങ്ക് ചാർജ്ജ് | 52.00 | ലോക്കർ വാടക | 1770.00 |
| ആദായ നികുതി | 2350.00 | വിദ്യാരംഭം | 204895.00 |
| | | ബാങ്ക് ചാർജ്ജ് | 225.00 |
| ലൈബ്രറി കൗൺസിൽ ഗ്രാന്റ് | 135750.00 | ഓഡിറ്റ് ചാർജ്ജ് | 11868.00 |
| വാർഷിക നോൺ പ്ലാൻ ഗ്രാന്റ് (മെയിന്റനൻസ് ) | 1500000.00 | ഓണം അഡ്വാൻസ് | 175000.00 |
| നോൺ പ്ലാൻ ഗ്രാന്റ് (സ്പെഷ്യൽ) | 3000000.00 | ശിവഗിരി തീർത്ഥാടകർക്ക് സൗകര്യം | 8121.00 |
| ദേശീയോത്സവം ഗ്രാന്റ് | 300000.00 | സിറ്റിംഗ് ഫീസ് | 64000.00 |
| | | ഭരണ സമിതി അംഗത്തിന് അലവൻസ് | 96000.00 |
| | | വസ്തു കൈയ്യേറ്റം | 15360.00 |
| | | ആദായ നികുതി | 2350.00 |

| | | | |
|---|---|---|---|
| | | ആദായ നികുതി റിട്ടേൺ ഫയലിംഗ് | 1800.00 |
| | | സ്റ്റേജ് നിർമ്മാണം | 48505.00 |
| | | കഫറ്റേറിയ, സെക്യൂരിറ്റി ക്യാബിൻ | 47761.00 |
| | | ദേശീയ സാംസ്കാരികോത്സവം | 58787.00 |
| | | കെട്ടിട നികുതി | 1037.00 |
| | | സെകട്ടറി അഡ്വാൻസ് | 38000.00 |
| | | പലവക | 491068.00 |
| | | ചെയർമാൻ ഓണറേറിയം | 150000.00 |
| | | സെക്രട്ടറി ശമ്പളം | 304000.00 |
| | | ബുക്ക് കൗണ്ടർ നിർമ്മാണം | 507040.00 |
| | | സ്മാരക മന്ദിരം നവീകരണം | 2124754.00 |
| | | വായനാ വാരാചരണം | 14390.00 |
| | | പുൽത്തകിടി സംരക്ഷണം | 28110.00 |
| | | സ്ഥിര നിക്ഷേപം | 56806.00 |
| | | ആശാൻ വെങ്കല പ്രതിമ | 600000.00 |
| | | വെബ്സൈറ്റ് - സിഡിറ്റിന് | 157800.00 |
| | | പ്രതിമാസ പരിപാടി | 219621.00 |
| | | ദേശീയപാതാ വികസനം പ്രക്ഷോഭം | 24267.00 |
| | | സി.സി.ടി.വി. സ്ഥാപിക്കൽ | 143560.00 |
| | | വിവേകോദയം എഡിറ്റർ അലവൻസ് | 15000.00 |
| | | കഫറ്റേറിയ അഡ്വാൻസ് തിരികെ | 5000.00 |
| ആകെ വരവ് | 6828356.00 | ആകെ ചെലവ് | 11854817.00 |
| | | നീക്കിയിരിപ്പ് | 7994614.00 |
| ആകെ | 19849431.00 | ആകെ | 19849431.00 |

**ഒപ്പ്**

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

PR 23.10